സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – വാർഷിക കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 2573/23/Est-1** നന്തൻകോട്, **20-05-2023**

---

പരാമർശം :– ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 18–05–2023 ലെ DA 563/22/B-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുണ്ടായിരുന്ന ദേവസ്വം അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമാണ് 2009–2010 വരെ വാർഷിക കണക്കുകൾ തയ്യാറാക്കി വന്നിരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 2010–11 മുതലുള്ള കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി 16–02–2011 ൽ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡിലെ 2010–11 മുതലുള്ള വാർഷിക കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കി വരികയാണ്. ഇതുസംബന്ധിച്ച് 01–04–2010 മുതൽ പ്രാബല്യം നൽകി ബോർഡ് വിജ്ഞാപനം ചെയ്ത 08–10–2014 ലെ ROC 2573/03/Est-I ചട്ടങ്ങൾ അനുസരിച്ച് ഓരോ വർഷത്തേയും കണക്ക് തൊട്ടടുത്ത വർഷം സെപ്റ്റംബർ 30 നോ അതിനുമുമ്പോ പൂർത്തിയാക്കേണ്ടതാണ്.

ഇത്തരത്തിൽ 01–04–2010 മുതൽ ഡബിൾ എൻട്രി സമ്പ്രദായത്തിൽ കണക്കുകൾ തയ്യാറാക്കുന്നതിന് ചട്ടങ്ങൾ വിജ്ഞാപനം ചെയ്തുവെങ്കിലും ബോർഡിന് കീഴിലുള്ള എല്ലാ ആഫീസുകളിലേയും സ്ഥാപനങ്ങളിലേയും ദൈനംദിന കണക്കെഴുത്ത് ദേവസ്വം മാനുവലിലെ ചട്ടങ്ങൾ പ്രകാരം സിംഗിൾ എൻട്രി സമ്പ്രദായത്തിൽ തന്നെ തുടർന്നുവന്നിരുന്നതിനാൽ ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള കണക്കെഴുത്ത് വാർഷികമായാണ് തയ്യാറാക്കി വരുന്നതെന്നും ഇത്തരത്തിൽ രണ്ട് സമ്പ്രദായങ്ങളിലുമുള്ള കണക്കുകളും സമാന്തരമായി തയ്യാറാക്കേണ്ടി വരുന്ന സാഹചര്യത്തിലാണ് വാർഷിക കണക്കുകൾ കുടിശ്ശിക വരുന്നതിന് ഇടയായതെന്നും 01–04–2020 മുതൽ ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള ക്യാഷ് ബുക്കും ലഡ്ജറും ദൈനംദിനമായി എഴുതി പരിപാലിക്കുന്നതിനുള്ള പുനർവിന്യാസ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശ അംഗീകരിച്ച് ബോർഡ് ഉത്തരവായിട്ടുള്ളതിൻപ്രകാരം 01–04–2020 മുതൽ വരവ് ചെലവുകൾക്ക് ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള ക്യാഷ്ബുക്കും ലഡ്ജറും ആഫീസുകളിൽ പരിപാലിച്ചുവരുന്നുവെന്നും 2020–21, 2021–22 വർഷങ്ങളിൽ കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട

...2

നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ ബോർഡിന്റെ വരവ് ചെലവുകൾ താരതമ്യേന വളരെ കുറവായിരുന്നതും 01-04-2020 മുതൽ ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള കാഷ്ബുക്കും ലഡ്ജറും പരിപാലിച്ചുവരുന്നതിനാലും 2020-21, 2021-22 വർഷങ്ങളിൽ വരവ് ചെലവുകൾ താരതമ്യേന കുറവായിരുന്നതിനാലും ടി രണ്ട് വർഷങ്ങളിലെ കണക്ക് ആറ് മാസത്തിനുള്ളിൽ (ഓരോ വർഷത്തെയും കണക്ക് തയ്യാറാക്കുന്നതിന് മൂന്ന് മാസം വീതം സമയം) കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സമർപ്പിക്കാവുന്നതേയുള്ളുവെന്ന് കാണുന്നുവെന്നും വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പരാമർശം റിപ്പോർട്ട് ലഭിച്ചു.

2020-21 ലെ വാർഷിക കണക്ക് 12-05-2023 ന് മുൻപായി തയ്യാറാക്കി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ച് ബോർഡിന് കീഴിലുള്ള എല്ലാ ആഫീസുകളിലേയും സ്ഥാപനങ്ങളിലേയും മേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും എന്നാൽ, പുനലൂർ, ഹരിപ്പാട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസുകളിൽ നിന്നും മാത്രമാണ് ടി സമയപരിധിയ്ക്കുള്ളിൽ കുറ്റമറ്റരീതിയിൽ കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസർ റിപ്പോർട്ടിൽ തുടർന്ന് വിവരിക്കുന്നു.

ചുവടെ വിവരിക്കുന്ന ആഫീസുകളിൽ നിന്നും കണക്കുകൾ ലഭ്യമായെങ്കിലും അവയിൽ കാണപ്പെട്ട അപാകത ചൂണ്ടിക്കാട്ടി അതാത് ആഫീസ് മേധാവികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**I**

(1) എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ് (ഇലക്ട്രിക്കൽ ഡിവിഷൻ)
(2) ശ്രീ അയ്യപ്പ കോളേജ്, ഇരമല്ലിക്കര
(3) വൈക്കം ക്ഷേത്ര കലാപീഠം,
(4) സി.ബി.എസ്.ഇ സ്കൂൾ, വർക്കല
(5) ഡി.ബി.എച്ച്.എസ്.എസ്, തിരുവല്ല
(6) ശ്രീധർമ്മ ശാസ്ത കോളേജ്, നേര്യമംഗലം
(7) എയ്ഡഡ് സ്കൂൾ ഫണ്ട് (ബോർഡ് ആഫീസ്)
(8) കോളേജ് ഫണ്ട് (ബോർഡ് ആഫീസ്)

ചുവടെ വിവരിക്കുന്ന ആഫീസുകളിൽ നിന്നും വാർഷിക കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടില്ലെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർ അറിയിച്ചിരിക്കുന്നു.

**II**

1. ദേവസ്വം കമ്മീഷണർ ഓഫീസ്
2. കൾച്ചറൽ & ആർക്കിയോളജിക്കൽ ഡയറക്ടർ ഓഫീസ്
3. എക്സിക്യൂട്ടീവ് ഓഫീസ് ശബരിമല
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് തിരുവനന്തപുരം, മാവേലിക്കര, കോട്ടയം, പത്തനംതിട്ട, എസ്റ്റേറ്റ് ഡിവിഷൻ
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സുമംഗലി കല്ല്യാണമണ്ഡപം (അസിസ്റ്റന്റ് എഞ്ചിനീയർ തിരുവനന്തപുരം)
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ് നെയ്യാററിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം, കൊട്ടാരക്കര,

ആറന്മുള, മുണ്ടക്കയം, കരുനാഗപ്പള്ളി, തിരുവല്ല, ചങ്ങനാശേരി, മാവേലിക്കര, അമ്പലപ്പുഴ, കോട്ടയം, ഏററുമാനൂർ, വൈക്കം, തൃക്കാരിയൂർ, പറവൂർ

7. അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് ആലുവ (തിരുവോണം ആഡിറ്റോറിയം)
8. ദേവസ്വം ബോർഡ് കോളേജ് ശാസ്താംകോട്ട, പരുമല (പമ്പ കോളേജ്), തലയോലപറമ്പ്, കീഴൂർ, കുളത്തൂർ
9. ദേവസ്വം ബോർഡ് ഹയർസെക്കന്ററി സ്കൂൾ പരുമല, ചെറിയനാട്, തകഴി
10. ദേവസ്വം ബോർഡ് ഹൈസ്കൂൾ തൃക്കാരിയൂർ
11. സി.ബി.എസ്.ഇ സ്കൂൾ വെട്ടിക്കവല, കടയ്ക്കൽ, ചക്കുവള്ളി

ടി ഓഫീസുകളിൽ നിന്ന് കുററമററ രീതിയിൽ 2020-21 ലെ വാർഷിക കണക്ക് മെയ് മാസം 25 -ാം തീയതിക്ക് മുൻപെങ്കിലും ലഭിച്ചാൽ മാത്രമേ നടപടികൾ പൂർത്തീകരിച്ച് 2023 ജൂലൈ മാസത്തിന് മുൻപായി 2020-21 ലെയും 2023 ഒക്ടോബർ മാസം 31 -ാം തീയതിക്കുള്ളിൽ 2021-22 ലെയും വാർഷിക കണക്കുകൾ ആഡിററിന് സമർപ്പിക്കാൻ സാധിക്കുകയുള്ളുവെന്നും ആകയാൽ 2020-21 വർഷത്തെ വാർഷികകണക്ക് മേൽ പ്രതിപാദിച്ച ഓഫീസുകളിൽ നിന്നും 2023 മെയ് 25 -ാം തീയതിക്ക് മുൻപായി സമർപ്പിക്കുന്നതിന് കർശനമായ നിർദ്ദേശം നൽകണമെന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

മേൽ ഖണ്ഡിക I, II എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുളള ആഫീസുകളിലെ 2020-21 ലെ കണക്കുകൾ പിശക് രഹിതമായി 25-05-2023 ന് മുമ്പായി ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി ബോർഡുത്തരവാകുന്നു. .

കൂടാതെ 2021-22 ലെ കണക്കുകൾ 31-07-2023 ന് മുമ്പായി ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ ലഭ്യമാക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ. റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK